പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1346 31/10/2019-ൽ മറുപടിക്ക്

## സ്കൂളുകളിലെ കായികാദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.സി ജോർജ്: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സ്കൂളുകളിലെ കായികാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽനിന്നും മാറ്റി ജനറൽ അദ്ധ്യാപകരായി പരിഗണിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കെ.ഇ.ആർ അദ്ധ്യായം XXIII മൂന്നാം ചട്ടപ്രകാരമാണ് അദ്ധ്യാപകരുടെ വ്യത്യസ്ത തസ്തികകൾ നിർണയിച്ചിരിക്കുന്നത്. ആയത് പ്രകാരം പ്രൈമറി, സെക്കണ്ടറി തലത്തിൽ താഴെപ്പറയുന്ന അദ്ധ്യാപക തസ്തികകൾ ആണ് നിലനിൽക്കുന്നത്.<br>i). പ്രധാനാദ്ധ്യാപകൻ<br>ii). ഹൈസ്കൂൾ ടീച്ചർ-ഭാഷാ വിഷയങ്ങൾ<br>iii). അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ<br>iv). ലോവർ പ്രൈമറി സ്കൂൾ ടീച്ചർ<br>v). ഭാഷാ അദ്ധ്യാപകർ<br>vi). സ്പെഷ്യലിസ്റ്റ് ടീച്ചർ<br>a). ഡ്രോയിംഗ് ടീച്ചർ, b). ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ, c). കമ്പൈൻഡ് (ഡ്രോയിംഗ് ആന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ)<br>d). തയ്യൽ ടീച്ചർ e). മ്യൂസിക് ടീച്ചർ etc<br>vii). ക്രാഫ്റ്റ് ടീച്ചർ,<br>viii). പാർട്ട് ടൈം ടീച്ചേഴ്സ്<br>ix). ട്രെയിനിംഗ് സ്കൂൾ ടീച്ചർ<br>ഇപ്രകാരം വ്യത്യസ്ത കാറ്റഗറികളായാണ് അദ്ധ്യാപക തസ്തികകൾ നിജപ്പെടുത്തിയിരിക്കുന്നത്. ജനറൽ അദ്ധ്യാപകർ എന്ന വിഭാഗം ഇല്ല. അതുകൊണ്ട് തന്നെ കായികാദ്ധ്യാപകരെ ജനറൽ അദ്ധ്യാപകരായി പരിഗണിക്കുക എന്ന ആവശ്യം പരിഗണനാർഹമല്ല. |
| (ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതു മൂലം കായിക അദ്ധ്യാപകർക്ക് എന്തെല്ലാം നേട്ടങ്ങളും കോട്ടങ്ങളും ആണ് ഉണ്ടാകുന്നത്; വിശദാംശങ്ങൾ | (ബി) ഡോ.എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും റിപ്പോർട്ടിലെ ശുപാർശകളിലെ മൂന്നും നാലും |

| | |
|---|---|
| ലഭ്യമാക്കുമോ? | നിർദ്ദേശങ്ങൾ മാത്രമാണ് ഭേദഗതികളോടെ നടപ്പിലാക്കിയിട്ടുള്ളത്. ആയവ കായികാദ്ധ്യാപകരുമായി ബന്ധപ്പെട്ടതല്ല. |

സെക്ഷൻ ഓഫീസർ